കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്

2016-17

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എം.പി.എം.5/1953/2017

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം

തീയതി.21-10-2017

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ്,

(സെക്രട്ടറി മുഖേന)

തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന(aims.ksad.kerala.gov.in/esubmission) പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

3)കാര്യാലയ പകർപ്പ്

mac.11/17

നം കെ.എസ്.എ.എം.പി.എം.5/1953/2017 തിയ്യതി:21-10-2017

മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 5/12/2016 മുതൽ 3/08/2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

--------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ. എസ്. ഷാജഹാൻ,ഡെപ്യൂട്ടി ഡയറക്ടർ.

--------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 4-08-2017 മുതൽ 17-08-2017വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സി.പി.അബ്ദുൽ സത്താർ. | ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് സലീം.ടി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ശംസിയ.കെ | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. എൻ എം കോയമാസ്റ്റർ | 01.04.2016 മുതൽ 31.03.2017 വരെ |

സെക്രട്ടറി

| | |
|---|---|
| 1.ശ്രീമതി.സൽമാബീവി. പി. എസ് | 01.04.2016 മുതൽ 23.07.2016 വരെ |
| 2.ശ്രീ. ബാലനാരായണൻ കെ ബി(ചാർജ്) | 24.07.2016 മുതൽ 27.12.2016 വരെ |
| 3.ശ്രീ. സനൽ കുമാർ പി കെ | 28.12.2016 മുതൽ 09.01.2017 വരെ |

| | |
|---|---|
| 4.ശ്രീ. കനകരാജ് എസ്(ചാർജ്) | 10.01.2017 മുതൽ 11.01.2017 വരെ |
| 5.ശ്രീ.ഷാനിർ കെ | 12.01.2017 മുതൽ 17.03.2017 വരെ |
| 6.ശ്രീമതി. ഗീത പി(ചാർജ്) | 18.03.2017 മുതൽ 31.03.2017വരെ |

<u>മറ്റു നിർവഹണ ഉദ്യോഗസ്ഥർ.</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| 1.കൃഷി ഓഫീസർ | ശ്രീമതി. ആഷ്ലി ജോർജ്ജ്. | 01.04.2016 മുതൽ 13.06.2016 വരെ |
| | ശ്രീമതി.മെഹറുന്നീസപി.എം | 14.06.2016 മുതൽ 1.02.2017 വരെ |
| | ശ്രീമതി. സ്മിതഎസ്. | 02.02.2017 മുതൽ 31.03.2017 വരെ |
| 2.വെറ്ററിനറി സർജൻ | ഡോ. അഞ്ജു. പി | 01.04.2016 മുതൽ 23.11.2016 വരെ |
| | ഡോ. സ്മിത . എസ് | 24.11.2016 മുതൽ 31.03.2017 വരെ |
| 3.മെഡിക്കൽഓഫീസർ (സി.എച്ച്.സി) | ഡോ. ഹീര | 01.04.2016 മുതൽ 2.08.2016 വരെ |
| | ഡോ. ജയനാരായണൻ. | 3.08.2016 മുതൽ 31.03.2017 വരെ |
| 4.മെഡിക്കൽഓഫീസർ (ഹോമിയോ) | ഡോ. ഹാരിസ് | 01.04.2016മുതൽ 31.03.2017 വരെ |
| 5.മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ. എം ദാമോദരൻ | 01.04.2016മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| 6.വില്ലേജ്എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ. സൈനുദ്ധീൻ. കെ | 01.04.2016മുതൽ 31.03.2017 വരെ |
| 7.ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ആമിന .ബി | 01.04.2016മുതൽ 31.03.2017 വരെ |
| 8.അസിസ്റ്റന്റ്എഞ്ചിനിയർ | ശ്രീ. മുഹമ്മദ് അൻസാർ .വി | 01.04.2016മുതൽ 31.03.2017 വരെ |
| 9.ഹെഡ് മാസ്റ്റർ | ശ്രീ. കുഞ്ഞൻ .പി | 01.04.2016മുതൽ 31.03.2017 വരെ |
| 10.അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ബാലനാരായണൻ കെ.ബി | 01.04.2016മുതൽ 31.12.2016 വരെ |
| | മുരളീധരൻപുന്നക്കുഴി(ചാർജ്) | 01.01.2017മുതൽ 12.01.2017 വരെ |
| | ഗീത .പി | 13.01.2017മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 2-1 | |
| 13 | തൊഴിൽ നികുതി അടവാക്കാൻ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് | 2-2 | |
| 14 | ബി.എസ്.എൻ.എല്ലിന്റെ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല. | 2-3 | |
| ഭാഗം III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 15 | 2015-16, 2016-17 വർഷങ്ങളിലെ ഫണ്ട് വിനിയോഗം സംബന്ധിച്ച വിവരങ്ങൾ | 3-1 | |
| 16 | ഭൂജല വകുപ്പിന്റെ സർവേ : തുടർ നടപടികൾ അറിയിക്കേണ്ടതാണ്. | 3-2 | |
| 17 | അസിസ്റ്റന്റ് എഞ്ചിനിയർ: രേഖകളിലെ അപാകതകൾ | 3-3 | |

| | | | |
|---|---|---|---|
| 18 | പി.എച്ച്.സി. കെട്ടിടനിർമാണം : അപാകതകൾ. | 3-4 | |
| 19 | E-ടെണ്ടർ ഫോറം വില പഞ്ചായത്തു ഫണ്ടിൽ ലഭ്യമാക്കിയില്ല. | 3-5 | |
| 20 | ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-6 | |
| 21 | മരുന്ന് ലഭ്യമായില്ല. മുൻകൂർ വിവരം വാർഷികക്കണക്കിൽ ഉൾപ്പെടുത്തുന്നില്ല. | 3-7 | |
| 22 | നിർവ്വഹണ ഉദ്യോഗസ്ഥർ എല്ലാ വരവ് ചെലവുകളും കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല. | 3-8 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 24 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 26 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 27 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 28 | ഓഡിറ്റ് റിക്കവറി | 4-6 | |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 32 | അനുബന്ധം: ഓഡിറ്റ് സാക്ഷ്യപത്രം | 5-1,5-2 | |

# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17ലെ ബജറ്റ് 05-03-2016ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-07-2017 | 01-07-2017 | - | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | (ഓഡിറ്റിന്റെ ഭാഗമായി) | |

വാർഷിക ക്കണക്ക് അപാകതകൾ

1. മുൻവർഷ വാർഷിക കണക്ക് പ്രകാരം receivables for property tax on non residential buildings എന്ന ശീർഷകത്തിൽ കുടിശ്ശികയില്ല.എന്നാൽ 16-17- ൽ ഈ ശീർഷകത്തിൽ 633676 രൂപ പിരിവുണ്ട്.208923 രൂപ 16-17 വർഷാന്ത്യം കുടിശ്ശികയുമുണ്ട്.

2. 15-16 വാർഷിക കണക്ക് ബി-15 പത്രിക പ്രകാരമുള്ള receivables for property tax on residential buildings (current) 2016-17-ൽ receivables for property tax on residential buildings (arrear) ആക്കി മാറ്റിയിട്ടില്ല.

3. ഡിമാന്റ് റജിസ്റ്ററിൽ കുടിശ്ശിക വസ്തു നികുതിയുടെ ഡിമാന്റ്, ബാലൻസ് കണക്കുകൾ റസിഡൻഷ്യൽ കെട്ടിടങ്ങളുടെയും നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെയും ഇനം തിരിച്ച് തയ്യാറാക്കിയിട്ടില്ല. അതിനാൽ വാർഷിക കണക്കിലെ ഇത് സംബന്ധിച്ച തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

4.നിർവ്വഹണ ഏജൻസികൾക്ക് നൽകിയ മുൻകൂറുകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. വർക്ക് ബില്ലുകളിൽ നിന്നും കുറവ് ചെയ്യുന്ന നികുതികൾ അക്കൗണ്ട് ചെയ്യുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,35,03,433 |
| വരവ് | 6,43,33,619 |
| ആകെ | 8,78,37,052 |
| ചെലവ് | 5,74,61,447 |
| നീക്കിയിരുപ്പ് | 3,03,75,605 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് (Lapsed) | ചെലവ് ശതമാനം | നീക്കി ബാക്കി 40(b) |
|---|---|---|---|---|---|---|---|

| | | | | | | | പ്രകാരം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,73,39,697 | 1,73,39,697 | 1,18,14,570 | 55,25,127 | 68.14 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1,13,77,035 | 1,13,77,035 | 81,36,053 | 32,40,982 | 71.51 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1,66,965 | 1,66,965 | 166069 | 896 | 99.46 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 46,18,377 | 46,18,377 | 6,00,377 | 40,18,000 | 13 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 57,41,589 | 57,41,589 | 29,43,816 | 27,97,773 | 51.27 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 97,24,544 | 97,24,544 | 63,61,025 | 33,63,519 | 65.41 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 59,86,588 | 59,86,588 | 13,36,758 | 46,49,830 | 22.33 | 0 |
| എം. ജി. എൻ. ആർ. ഇ. ജി. എസ്. | 7,857 | 2,30,62,068 | 2,30,69,925 | 2,30,48,153 | | 99.9 | 21,772 |
| ബി ഫണ്ട് | 0 | 1,77,87,615 | 1,77,87,615 | 1,74,87,015 | 3,00,600 | 98.3 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 257 | 8,99,09,663 | 138 | 4,97,22,855 | 105 | 14 | 53.69 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 43,02,559 | 70,58,857 | (+)2756298 | (+)64.06 |
| നികുതിയേതര വരവുകൾ | 9,52,470 | 13,40,630 | (+)3,88,160 | (+)40.75 |
| മറ്റുവരവുകൾ | 3,80,893 | 3,85,869 | (+)4976 | (+)1.3 |
| ആകെ | 56,35,922 | 87,85,356 | (+)3149434 | (+)55.88 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 6,18,240 | 363 |
| കർഷകതൊഴിലാളി പെൻഷൻ | 12,42,100 | 414 |
| വിധവാപെൻഷൻ | 46,93,000 | 1565 |
| വാർദ്ധക്യകാലപെൻഷൻ | 85,97,675 | 2655 |
| വികലാംഗപെൻഷൻ | 17,23,600 | 568 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 3,03,000 | 101 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 600000 | 20 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് 04-08-2017 തിയ്യതിയിൽ 11 AM ന് നടത്തി. കാഷ് ബാലൻസ് 1,03,120രൂപയുടെ കൃത്യത ബോധ്യപ്പെട്ടു. (സബ്സിഡിയറി ക്യാഷ് ബുക്ക് പ്രകാരമുള്ള തുക-ശമ്പളവും അലവൻസും ഇനത്തിൽ 50,432 രൂപ ഉൾപ്പെടെ.)

## 1-10 ആഭ്യന്തരനിയന്ത്രണം.

1.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2.കൃഷി ഓഫീസർ പിരിച്ചെടുക്കുന്ന ഗുണഭോക്തൃ വിഹിതം ഗ്രാമ പഞ്ചായത്തിൽ അടവാക്കുന്നുണ്ടെങ്കിലും ക്യാഷ് ബുക്കിൽ വരവ് വെച്ചിട്ടില്ല.
3.വെറ്ററിനറി ഡോക്ടർ,അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ഗ്രാമ പഞ്ചായത്തിൽ നിന്നും ചെക്കായി ലഭിക്കുന്ന തുകകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31-07-2017 | 1/06/2017മുതൽ 30/06/2017വരെ | റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-03-14 മുതൽ 23-04-2014 വരെ | 2007-08 മുതൽ 2012-13 വരെ | 14-10-2015 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കൃഷിഭവൻ,ലൈബ്രറി കെട്ടിടങ്ങൾ,ആമയൂർ റോഡിൽ ചെവിടിക്കുന്നിലുള്ള കെട്ടിടം എന്നിവ വാടകക്ക് നൽകുന്നതിനോ ഉപയോഗ പ്രദമാക്കുന്നതിനോ നടപടികൾ സ്വീകരിക്കേണ്ടതാണ്.ടി കെട്ടിടങ്ങൾ ഉപയോഗ പ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക മറുപടിയായി അറിയിച്ചിട്ടുണ്ട്.തുടർ നടപടികൾ വിവരം അറിയിക്കേണ്ടതാണ്.

### 2-2 തൊഴിൽ നികുതി അടവാക്കാൻ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്

1.മാവേലി സ്റ്റോർ,തൃക്കലങ്ങോട്(1ാംഅർദ്ധവർഷം സ്ഥാപന തൊഴിൽ നികുതി),സപ്ളൈകോ സ്റ്റോർ മൈലൂത്ത്,(1,2 അർദ്ധവർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി) എന്നിവ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം പോസ്റ്റ് ഓഫീസ് ,മഞ്ഞപ്പറ്റയിൽ എൻ നളിനാക്ഷൻ, പി രവീന്ദ്രൻ, വി സുശീല എന്നീ ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ട്.ടി ഉദ്യോഗസ്ഥരുടെ തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരം പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

### 2-3 ബി.എസ്.എൻ.എല്ലിന്റെ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല.

WP(C) No.16670/06 നമ്പർ കേസിന്റെ അന്തിമവിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും BSNL സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന BSNL സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ 2016-17 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും നികുതി ഈടാക്കിയിട്ടില്ല. നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഫണ്ട് വിനിയോഗം സംബന്ധിച്ച വിവരങ്ങൾ

ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ ഫണ്ട് വിനിയോഗം സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ട് ഇനം | ബഡ്ജറ്റ് അലോട്ട്മെന്റ് | മുൻ ബാക്കി | തൻവർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് (ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക ഒഴികെ) | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ പ്പോയ തുക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതു) | 1,73,39,697 | - | 1,73,39,697 | 1,73,39,697 | 1,18,14,570 | 68 | 55,25,127 |
| വികസന ഫണ്ട് (SCP) | 1,13,77,035 | - | 1,13,77,035 | 1,13,77,035 | 81,36,053 | 72 | 32,40,982 |
| വികസന ഫണ്ട് (TSP) | 1,66,965 | - | 1,66,965 | 1,66,965 | 1,66,069 | 99 | 896 |
| സംരക്ഷണ ഗ്രാന്റ് | 1,03,59,966 | - | 1,03,59,966 | 1,03,59,966 | 35,44,193 | 34 | 68,15,773 |
| ധനകാര്യ കമീഷൻ | 97,24,544 | - | 97,24,544 | 97,24,544 | 63,61,025 | 65 | 33,63,519 |
| ലോക ബാങ്ക് | 50,92,442 | 8,94,146 | 59,86,588 | 59,86,588 | 13,36,758 | 22 | 46,49,830 |
| | | | | | | | |
| ആകെ | 5,40,60,649 | 8,94,146 | 5,49,54,795 | 5,49,54,795 | 3,13,58,668 | 57 | 2,35,96,127 |

ഗ്രാമ പഞ്ചായത്തിന് സംസ്ഥാന സർക്കാരിൽ നിന്ന്2016-17 വർഷം ഗ്രാന്റ് ആയി ആകെ ലഭിച്ച 5.40കോടി രൂപയിൽ 2.35 കോടി രൂപ, സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാത്തതിനാൽ ലാപ്സാവുകയുണ്ടായി. ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വികസന ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും വേഗതക്കുറവും കാരണം നഷ്ടപ്പെടാനിടയായത്.

ഓഡിറ്റ് കാലയളവിൽ ഗ്രാമ പഞ്ചായത്തിന് പ്ലാൻഫണ്ട്, മെയിന്റനൻസ്, ലോക ബാങ്ക് ധന സഹായം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ഉൾപെടെ 5.49 കോടി രൂപ വരവുണ്ടായിരുന്നു. എന്നാൽ ഇതിൽ 3.13കോടി രൂപയുടെ (57% മാത്രം) പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്. 2016-17 വർഷം ലഭ്യമായ പദ്ധതി തുകയിൽ പകുതിയോളം തുകയും കാലഹരണപ്പെട്ടു.

ജനങ്ങളുടെ സഹകരണത്തോടെ ഗ്രാമ സഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്നതാണ് ഓരോ പദ്ധതികളും എന്നതിനാൽ രൂപീകരിച്ച പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിന് തുല്യമാണ്. ഇത് ജനങ്ങളെ ഗ്രാമ സഭകളിൽ നിന്നും, ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്ന് പിന്നോട്ട് നിൽക്കുന്നതിനും കാരണമാകുന്നതാണ്.

സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്ടുകൾ രൂപീകരിച്ച് ഭരണ സമിതിയും

ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതും വരും വർഷങ്ങളിൽ ഇത്തരത്തിൽ പണം ലാപ്സാവുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

## 3-2 ഭൂജല വകുപ്പിന്റെ സർവേ : തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം, ഭൂജല വകുപ്പിൽ സർവേ, കുഴൽകിണർ വൃത്തിയാക്കൽ (ഫ്ലഷിങ്) എന്നിവയ്ക്കായി തുക അടച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | പ്രൊ.നം. | പേര് | അടങ്കൽ | ചെലവഴിച്ചത് | ബിൽ/ചെക്ക് നം. | കുറിപ്പ് |
|---|---|---|---|---|---|---|
| 1. | 88/17 | പള്ളിക്കുത്ത് എസ്.സി. കോളനി കുടിവെള്ളപദ്ധതി | 2,80,000 | 1750 (സർവേ) | 4/16-17/ 20-2-17 | 90 മീറ്റർ ആഴത്തിൽ 110 മി.മി. വ്യാസത്തിൽ അനുയോജ്യമെന്ന റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 2. | 189/17 | ഗോതമ്പ് റോഡ് കുഴൽകിണർ | 60,000 | 5250(ഫ്ലഷിങ്) | 5/16-17/ 20-2-17 | പ്രവൃത്തി ചെയ്തതു സംബന്ധിച്ച വിവരം ലഭ്യമല്ല. |
| 3. | 257/17 | പുത്തലത്ത് ശ്മശാനം ചുറ്റുമതിൽ, കുഴൽകിണർ, പ്ലമ്പിങ് | 2,00,000 | 1750 (സർവേ) | 9472017/ 17-2-17 | അനുയോജ്യമല്ലെന്ന റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | | ആകെ | | 8,750 | | |

സർവേ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടെങ്കിലും, കുഴൽകിണർ വൃത്തിയാക്കിയതിന്റെ റിപ്പോർട്ട്, പ്രൊജക്ടുകൾ പ്രകാരം തുടർ നടപടികൾ കൈകൊണ്ടതിന്റ വിവരങ്ങൾ എന്നിവ ലഭ്യമല്ല. ആയതു ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ, പള്ളിക്കുത്ത് കോളനി പദ്ധതി പൂർത്തിയാക്കിയതായും, ഗോതമ്പ് റോഡ് പദ്ധതിയുടെ എസ്റ്റിമേറ്റ് ഭൂജല വകുപ്പിൽ നിന്ന് ലഭ്യമായിട്ടില്ലെന്നും, പുലത്ത് ശ്മശാനം കുഴൽകിണർ മാറ്റിവച്ചിരിക്കുകയാണെന്നും അറിയിച്ചിട്ടുണ്ട്. ക്രമ നം. 1,2 എന്നിവയുടെ പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

## 3-3 അസിസ്റ്റന്റ് എഞ്ചിനിയർ: രേഖകളിലെ അപാകതകൾ

ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയർ കൈകാര്യം ചെയ്യുന്ന രേഖകളിലെയും രജിസ്റ്ററുകളിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1) രജിസ്റ്ററുകൾ തുടർച്ചയായി ഉപയോഗിക്കുന്നില്ല: കാഷ് ബുക്ക്, എഗ്രിമെന്റ് രജിസ്റ്റർ, ടെണ്ടർ രജിസ്റ്റർ, വർക്ക് ബിൽ രജിസ്റ്റർ, പ്രൊജക്ട് രജിസ്റ്റർ തുടങ്ങിയ എല്ലാ ഔദ്യോഗിക രജിസ്റ്ററുകളും വർഷം കണക്കാക്കാതെ തുടർച്ചയായി ഉപയോഗിക്കുകയും, താളുകൾ തീരുന്ന മുറയ്ക്ക് വ്യക്തമായ സാക്ഷ്യപത്രം രേഖപ്പെടുത്തി അടുത്ത വോള്യം ഉപയോഗിക്കുകയുമാണ് വേണ്ടത്. ഇതിനു വിപരീതമായ നടപടി പല ക്രമക്കേടുകൾക്കും ഇടയാക്കുന്നതാണ്. 2015-16 ലെ 100 പേജുള്ള എഗ്രിമെന്റ് രജിസ്റ്ററിൽ 15 പേജുകൾ മാത്രം രേഖപ്പെടുത്തിയ ശേഷം തുടർന്നുള്ള പേജുകൾ റദ്ദു ചെയ്യാതെ 2016-17-ലെ കരാറുകൾ ചേർക്കാൻ പുതിയ രജിസ്റ്റർ ഉപയോഗിച്ചതു പോലുള്ള നടപടികൾ ക്രമത്തിലല്ല.

2) കാഷ് ബുക്കിൽ അതാതു ദിവസം നടക്കുന്ന എല്ലാ ഇടപാടുകളും രേഖപ്പെടുത്തണമെന്ന നിബന്ധന പാലിക്കപ്പെടുന്നില്ല. തനതു ഫണ്ട് വിഹിതം സെക്രട്ടറിയിൽ നിന്നും ലഭിക്കുന്ന ദിവസം തന്നെ രേഖപ്പെടുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

3) ടെണ്ടർ രജിസ്റ്ററിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല. Probable amount of contract, Due date and time of temder, Date and time of Opening, ടെണ്ടർ ലഭിച്ച തിയ്യതി (കോളം 3), EMD വിവരങ്ങൾ (കോളം 4,5), ടെണ്ടർ

അംഗീകരിച്ച തീരുമാനം (കോളം 8), എന്നിവ പൊതുവെ ചേർത്തു കാണുന്നില്ല.

4) എഗ്രിമെന്റ് രജിസ്റ്ററിലും പല വിവരങ്ങളും ചേർക്കുന്നില്ല. PAC (കോളം 6), സെക്യൂരിറ്റി തുക (കോളം 7), പൂർത്തീകരണ തിയ്യതി (കോളം 10), എന്നിങ്ങനെ പ്രധാനപ്പെട്ട വിവരങ്ങൾ ചേർക്കാത്തത്, രജിസ്റ്ററിന്റെ പ്രാഥമികമായ ഉപകാരം പോലും ഇല്ലാതാക്കുന്ന നടപടിയാണ്.

5) പ്രൊജക്റ്റ് രജിസ്റ്ററിൽ Details of payments എന്ന ഭാഗത്ത്Date, Bill no./ Cheque no. എന്നിവ ചേർക്കുന്നില്ല.

6) M Book -ൽ നമ്പർ രേഖപ്പെടുത്തുകയോ, ഇഷ്യു സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. പ്രവൃത്തികൾക്കായി ഉപയോഗിച്ച അളവു പുസ്തകങ്ങൾ എവിടെ നിന്നു ലഭ്യമായി എന്നു രേഖകൾ സഹിതം വ്യക്തമാക്കേണ്ടതാണ്.

7) അളവു പുസ്തകങ്ങൾ, ബിൽ എന്നിവയിലൊന്നും മെമ്മോറാണ്ടം ഓഫ് പേമെന്റ്, ചലാൻ, ഡി.ഡി. വിവരങ്ങൾ, തിയ്യതി എന്നിവ രേഖപ്പെടുത്തുന്നില്ല. ഇതു കാരണം ഏതു വർഷത്തിലാണ് തുകകൾ നല്കിയതെന്നു വ്യക്തമാകുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടതിൻ പ്രകാരം, ടി അപാകതകൾ തുടർന്ന് പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ക്ലാർക്കിന്റെ സേവനം ലഭ്യമല്ലാത്തതും അപാകതകൾക്ക് കാരണമാണെന്ന വസ്തുത ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 3-4 പി.എച്ച്.സി. കെട്ടിടനിർമാണം :അപാകതകൾ.

ബിൽ നം. 41/16-17/31-3-17 Rs. 7,33,012

പ്രൊജക്റ്റ് നം. 276/17:പി.എച്ച്.സി. കെട്ടിടനിർമാണം പൂർത്തീകരണം-രണ്ടാം ഘട്ടം .

കരാർ നം. 71/16-17 (E-Tender)

അളവു പുസ്തകം. 2/17

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതൾ താഴെ ചേർക്കുന്നു.

1) കരാർ രജിസ്റ്റർ പേജ് നം. 9 പ്രകാരം ഈ കരാറിന്റെ നം. 71 ആണ്. എന്നാൽ ഫയലിലുള്ള BP 117221, AY808180 എന്നീ നമ്പരുകളിലുള്ള 2x100=200 രൂപയുടെ മുദ്ര പത്രത്തിൽ അച്ചടിച്ച കരാറിൽ നമ്പർ, തിയ്യതി, കരാറുകാരന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ പേര്, വിലാസം തുടങ്ങിയ വിവരങ്ങൾ ചേർത്തിട്ടില്ല. ഫയലിലുള്ള രണ്ടാമത്തെയും അവസാനത്തേതുമായ ബില്ലിൽ കരാർ നം. 4/27-1-17 എന്നാണ് ചേർത്തു കാണുന്നത്. കരാർ രജിസ്റ്റർ പ്രകാരം 4-ാം നമ്പർ ഊത്താലക്കണ്ടി റോഡ് പ്രവൃത്തിയാണ്.

2) പ്രവൃത്തിയുടെ ഒന്നാം ഭാഗിക ബിൽ 31-3-17ന് അനുവദിച്ചിട്ടുണ്ടെങ്കിലും, ബില്ലിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല. MB No. 2/17 -ന്റെ പേജ് 1മുതൽ 43 വരെയുള്ള രേഖപ്പെടുത്തലുകൾ പ്രകാരം, താഴെ ചേർത്ത തുകയാണ് നൽകിയത്.

Total Value of work done. : 8,14,458

(-) Retension : 81,446

(-) Amount withheld for .... fund allocation : 1,70,404

Since last : 7,33,012

(-) VAT : 32,578

IT : 8145

KCWWF : 8145

Total 48,868

To Contractor : 6,84,144

E-Tender ചെയ്ത ഈ പ്രവൃത്തിക്ക് Item Rate BoQ (Bill of Quantities) ആണ് ക്വാട്ട് ചെയ്യുന്നത്. സെലക്ഷൻ നോട്ടീസ് പ്രകാരം 17% കുറവിലാണ് ടെണ്ടർ നേടിയിട്ടുള്ളത്. എന്നാൽ ഈ കുറവ് വരുത്താതെയാണ് തുക അനുവദിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ അനുവദനീയമായ തുക താഴെ ചേർക്കുന്നു.

Total value of work done : 8,14,458

(-) Tender deduction @ 17% : 1,38,458

Balance : 6,76,000

(-) Retension @ 10% : 67,600

Net Amount Admissible : 6,08,400

(-) Taxes @ 6% : 40560

To Contractor : 567840

നല്കിയത് : 6,84,144

അധികം : 116304 (കരാറുകാരന്)
8308 (നികുതികൾ)

കരാറുകാരന് അധികം നൽകിയ തുക, കരാറുകാരന് നൽകാനുള്ള തുകയിൽ കുറവ് ചെയ്യേണ്ടതാണ്. അധികം ഈടാക്കി അടവാക്കിയ നികുതി ക്രമീകരിക്കേണ്ടതാണ്.

3) പ്രവൃത്തിയുടെ പൂർത്തീകരണ തിയ്യതി കരാറിലോ രജിസ്റ്ററിലോ ബില്ലിലോ രേഖപ്പെടുത്തിയിട്ടില്ല. പ്രൊജക്ട് റിപ്പോർട്ട് ഖണ്ഡിക 31 പ്രകാരം ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 31-3-17 ആണ്. പ്രൊജക്ട് ഏകവർഷ പ്രൊജക്ടുമാണ്. എന്നാൽ31-3-17 ന് പ്രവൃത്തി പൂർത്തിയായിട്ടില്ല. MB Page 63 പ്രകാരം അവസാന അളവെടുത്തതായി കാണുന്നത് 30-5-17 നാണ്. എന്നാൽ ഫയലിൽ സൂക്ഷിച്ച ഫൈനൽ ബിൽ പ്രകാരം, വൈകിയതിന് പിഴ ചുമത്തിയതായി കാണുന്നില്ല. ( E-Tender രേഖകൾ ഫയലിൽ ലഭ്യമല്ലാത്തതിനാൽ , ടെണ്ടർ രേഖകളിലെ തിയ്യതി ലഭ്യമല്ല) പ്രവൃത്തി പൂർത്തീകകരിക്കുന്നതിന് മുന്നെ ബിൽ തയ്യാറാക്കി 31-03-2017ന് ട്രഷറിയിൽ നിന്നു തുക പിൻവലിച്ചിരിക്കുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതു വരെ ശേഷിക്കുന്ന തുക 6,08,400/- രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

## 3-5 E-ടെണ്ടർ ഫോറം വില പഞ്ചായത്തു ഫണ്ടിൽ ലഭ്യമാക്കിയില്ല.

2016-17 വർഷത്തിൽ തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത് E-Tender ചെയ്ത പ്രവൃത്തികളുടെ ,പഞ്ചായത്തിനു അർഹമായ ടെണ്ടർ ഫോറത്തിന്റെ വില, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൌണ്ടിൽ നിന്നും പഞ്ചായത്തു ഫണ്ടിൽ ലഭ്യമാക്കി, വിവരം അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.)

## 3-6 ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1. എൽ എസ് എസ്/യു എസ് എസ് പരീക്ഷാ പരിശീലനം-അപാകതകൾ.

പ്രൊ. നം. S116/17:എൽ എസ് എസ്/യു എസ് എസ് പരീക്ഷാ പരിശീലനം

ചെക്ക് നം. 947201/25/01/2017-RS.75,000

എൽ എസ് എസ്/യു എസ് എസ് പരീക്ഷാ പരിശീലനം എന്ന പ്രൊജക്ട് ഇനത്തിലുള്ള ചെലവുകൾ താഴെ പറയുന്നവയാണ്

| ചെലവിനം | തുക |
|---|---|
| ഫ്ളക്സ് | 220 |
| നോട്ടീസ് | 1,800 |
| ഫോട്ടോ | 400 |

| | |
|---|---|
| ചോദ്യപേപ്പർ | 2,450 |
| വർക്ക് ഷീറ്റ് | 15,000 |
| മൈക്ക്സെറ്റ് | 3,000 |
| ഭക്ഷണം | 20,080 |
| യാത്രാപ്പടി | 32,050 |
| ആകെ | 75,000 |

സബ്സിഡി മാർഗരേഖ സ.ഉ (എം.എസ്)നം 4/2016/തസ്വഭവ തിയതി 11.01.2016 ഭാഗം 4 ഖണ്ഡിക 11.6(4) പ്രകാരം വിദ്യാഭ്യാസ ഗുണ നിലവാരം ഉയർത്തുന്നതിനാവശ്യമായ പരിപാടികൾ SSA/RMSA പ്രൊജക്ടിൽ ഉൾപ്പെടുത്തി നടപ്പാക്കാവുന്നതാണ് എന്നും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് നിബന്ധനകൾക്ക് വിധേയമായി പ്രത്യേക കോച്ചിങ്ങ് നൽകാവുന്നതാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഠനത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കുട്ടികളെ തെരഞ്ഞെടുത്ത് നടത്തുന്ന മത്സര പരീക്ഷയായ എൽ.എസ്.എസ്/യു.എസ്.എസ്. പരീക്ഷകൾക്ക് പൊതുഫണ്ടുപയോഗിച്ച് പരിശീലനം നൽകിയത് അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

2 .പത്താം ക്ലാസ് തുല്യതാ പഠിതാക്കൾക്ക് ഫീസ് നൽകൽ-അപാകതകൾ

പ്രൊ.നം. S123/17:പത്താം ക്ലാസ് തുല്യതാ പഠിതാക്കൾക്ക് ഫീസ് നൽകൽ

ചെക്ക്നം.676015054/09/03/2017/333900(Rs15000-കേരളോത്സവം ഇനത്തിലുള്ള ചെലവ്)

പത്താം ക്ലാസ് തുല്യതാ കോഴ്സിൽ പഠിതാക്കൾക്ക് അപേക്ഷാ ഫോറം ഫീസ്,രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ 3,18,900 രൂപയുടെ ഡി.ഡി 23/03/2017ന് കേരള സ്റ്റേറ്റ് സാക്ഷരതാ മിഷൻ ഡയറക്ടർക്ക് അയച്ചു കൊടുത്തിട്ടുണ്ട്(ഡി.ഡി നമ്പർ 363243/22/03/2017). ആയതു സംബന്ധിച്ചുള്ള കൈപ്പറ്റു രശീതി പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

3എൽ പി ക്ലാസ് കുട്ടികൾക്കുള്ള സഹവാസക്യാമ്പ്-അപാകതകൾ

. പ്രൊ.നം.117/17:സഹവാസക്യാമ്പ്

ചെക്ക് നം.168349/8/03/2017/70,000

എൽ പി ക്ലാസ് കുട്ടികൾക്കുള്ള സഹവാസക്യാമ്പ് എന്ന പ്രൊജക്ട് ഇനത്തിലുള്ള ചെലവുകൾ താഴെ പറയുന്നവയാണ്

| ചെലവിനം | തുക |
|---|---|
| ഭക്ഷണ സാധനങ്ങൾ | 41,624 |
| നോട്ടീസ്, ഫ്ളക്സ്, ലൈറ്റ്&സൌണ്ട് | 15,485 |
| മൊമന്റൊ | 6000 |
| സ്റ്റേഷനറി,ഫോട്ടോ കോപ്പി | 8285 |
| ആർ പി റമ്യൂണറേഷൻ | 12000 |
| ട്രാൻസ്പോർട്ടേഷൻ | 750 |
| ആകെ | 84,144(70,000 രൂപ ആയി നിജപ്പെടുത്തിയിരിക്കുന്നു,) |

സബ്സിഡി മാർഗരേഖ സ.ഉ (എം.എസ്)നം 4/2016/തസ്വഭവ തിയതി 11.01.2016 ഭാഗം 4 ഖണ്ഡിക 11.6(4) പ്രകാരം വിദ്യാഭ്യാസ ഗുണ നിലവാരം ഉയർത്തുന്നതിനാവശ്യമായ പരിപാടികൾ SSA/RMSA പ്രൊജക്ടിൽ ഉൾപ്പെടുത്തി നടപ്പാക്കാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.ഇതിനു വിരുദ്ധമായി തുക ചെലവഴിച്ചതു സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

## 3-7 മരുന്ന് ലഭ്യമായില്ല. മുൻകൂർ വിവരം വാർഷികക്കണക്കിൽ ഉൾപ്പെടുത്തുന്നില്ല.

ഗ്രാമപഞ്ചായത്തിലെ നിർവ്വഹണഉദ്യോഗസ്ഥരായ മെഡിക്കൽ ഓഫീസർമാർ മരുന്ന് വാങ്ങുന്നതിന്നായി പണം മുൻകൂറായി സർക്കാർ ഏജൻസികൾക്ക് നൽകുന്നുണ്ട്. 2016-17- ൽ ഇപ്രകാരം 700000 രൂപ നൽകിയിട്ടുണ്ട്. ഓഡിറ്റ് തീയതി വരെയും പൂർണ്ണമായും മരുന്ന് ലഭിച്ചിട്ടില്ല. 31-03-2017ലെ സ്ഥിതി വിവരം അനുസരിച്ച് ഇത് 460 Loans, Advances and Deposits ഹെഡിൽ അക്കൗണ്ട് ചെയ്യാത്തതിനാൽ വാർഷികക്കണക്കിൽ ആസ്തികണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പണം നൽകിയതിന്റെ വിവരം | | 10.8.2017- വരെ ലഭിച്ച മരുന്ന് | ബാലൻസ്. |
|---|---|---|---|---|
| | ട്രഷറി ബിൽ | തുക | | |
| ഹോമിയോ മെഡിക്കൽ ഓഫീസർ | 1/27.3.17 | 100000 | 0 | 100000 |
| ആയുരവേദ മെഡിക്കൽ ഓഫീസർ | 1/28.1.17 | 300000 | 144258 | 155742 |
| പി.എച്.സി. മെഡിക്കൽ ഓഫീസർ | 3/27.2.17 | 100000 | 54483 | 45517 |
| | 4/27.2.17 | 200000 | 34227 | 165773 |
| ആകെ | | 700000 | 232968 | 4,67,032 |

മരുന്ന് ലഭിക്കാൻ അവശേഷിക്കുന്ന ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-8 നിർവ്വഹണ ഉദ്യോഗസ്ഥർ എല്ലാ വരവ് ചെലവുകളും കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

കൃഷി ഓഫീസർ, വെറ്റിനറി സർജൻ എന്നിവർ താഴെ പറയുന്ന വരവ് ചെലവുകളും കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

1.പച്ചക്കറി കൃഷിക്കു ഗ്രോ ബാഗ് വിതരണം എന്ന പ്രൊജക്ടിന്റെ ഗുണഭോക്തൃ വിഹിതം 138000 രൂപ കൃഷി ഓഫീസർ ഗുണഭോക്താക്കളിൽനിന്നു പിരിച്ചെടുത്ത് ഗ്രാമപഞ്ചായത്തിൽ അടക്കുകയും ഈ തുക ചെക്ക് നമ്പർ 1683493/9.3.2017 പ്രകാരം ഗ്രാമപഞ്ചായത്തിൽനിന്നു കൈപറ്റി വി.എഫ്.പി.സി.കെ-ക്ക് നൽകുകയും ചെയ്തെങ്കിലും കാഷ് ബുക്കിൽ വരവ്-ചെലവ് രേഖപ്പെടുത്തി കാണുന്നില്ല.

2. കർഷകർക്ക് പാലിനു സബ്സിഡി എന്ന പ്രൊജക്ടിനു ബ്ലോക് ഷെയർ 300000 രൂപ ലഭിക്കുകയും ഇതിൽ 45528 രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കാഷ് ബുക്കിൽ വരവ്-ചെലവ് രേഖപ്പെടുത്തി കാണുന്നില്ല

3. മുട്ടക്കോഴി വിതരണം എന്ന പ്രൊജക്ടിന്റെ ഗുണഭോക്തൃ വിഹിതം 168300 രൂപ വെറ്റിനറി സർജൻ ഗുണഭോക്താക്കളിൽനിന്നു പിരിച്ചെടുത്ത് ഗ്രാമപഞ്ചായത്തിൽ അടക്കുകയും ഈ തുക ചെക്ക് നമ്പർ 1683676/30.3.2017 പ്രകാരം ഗ്രാമപഞ്ചായത്തിൽനിന്നു കൈപറ്റി നിഥിലാം എഗ്ഗർ നഴ്സറിക്ക് നൽകുകയും ചെയ്തെങ്കിലും കാഷ് ബുക്കിൽ വരവ്-ചെലവ് രേഖപ്പെടുത്തി കാണുന്നില്ല. എല്ലാ വരവ് ചെലവുകളും കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| 1.ബ്ലോക്ക് പഞ്ചായത്ത്. | 2016-17 | 3,00,000 | പ്രൊജക്റ്റ് നം. 102/2017. ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി നല്കൽ | 45,528 | 2,54,472 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൌച്ചർ/ബിൽ /ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരളവാട്ടർ അതോറിറ്റി | സമഗ്രകുടിവെള്ള പദ്ധതിയുടെസർവ്വേ റിപ്പോർട്ട് തയ്യാറാക്കൽ | 438/ 27/10/16 | 200000 | ലഭ്യമായിട്ടില്ല | ലഭ്യമായിട്ടില്ല | ലഭ്യമായിട്ടില്ല |
| കെ എസ് ഇ ബി | ചെരണി-പാന്തൽ സ്ട്രീറ്റ് ലൈറ്റിനം ആനക്കോട്ടുപുറം ചാരൻപടി സ്ട്രീറ്റ് ലൈറ്റിനം ലൈൻ എക്സ്റ്റൻഷൻ | 876/27 /03/17+ (തുക57486) | 136800 | ലഭ്യമായിട്ടില്ല | ലഭ്യമായിട്ടില്ല | ലഭ്യമായിട്ടില്ല |
| കെ എസ് ഇ ബി | പുളിയാറ്റക്കുന്ന് കോളനി സ്ട്രീറ്റ് ലൈൻ വലിക്കൽ | ബിൽ നം.7/24 /03/2017 | 47575 | ലഭ്യമായിട്ടില്ല | ലഭ്യമായിട്ടില്ല | ലഭ്യമായിട്ടില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 18,61,189 |
| തൻവർഷം നിക്ഷേപിച്ച തുക | 70,466 |
| ആകെ | 19,31,655 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 19,31,655 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കേരള ഗ്രാമീൺ ബാങ്ക്. FD നമ്പർ40193201200126 | 18,97,146 |
| കേരള ഗ്രാമീൺ ബാങ്ക്. FD നമ്പർ40193201300092 | 34,509 |
| ആകെ | 19,31,655 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12,2012-13 | 3-22 | 585 | ശ്രീ നാരായണപിള്ള(സെക്രട്ടറി | 11601100774 തി: 22-04-2016 |
| 2011-12,2012-13 | 3-6 | 7034 | ജില്ലാ ഓഫീസർ ഭൂജല വകുപ്പ്,മലപ്പുറം | 11601500001/27 /04/2016 |
| | | 4400 | ശ്രീ.പ്രഭാകരൻ((late),സീനിയർ ക്ളർക്ക്,തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്) എന്നവരുടെ ശമ്പള നിർണ്ണയത്തിലെ അപാകത ഡി സി ആർ ജിയിൽ നിന്നും കുറവു ചെയ്തത്. | 11602900030 തി: 04-01-2017 |
| ആകെ | | 12019 | | |

(വാർഷിക ധനകാര്യ പത്രിക പ്രകാരം 4,400 രൂപ)

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,43,33,619 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,74,61,447 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 75,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10,75,432രൂപ |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |
| 3-6 | --- | 75000 | ശ്രീ. കുഞ്ഞൻ.പി., ഹെഡ്മാസ്റ്റർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 6,08,400 | മുഹമ്മദ് അൻസാർ. വി,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | 4,67,032 | ഡോ. ഹാരിസ് , (മെഡിൽ ഓഫീസർ, ഹോമിയോ)-1,00,000 |
| | | ഡോ.എം.ദാമോദരൻ(മെഡിൽ ഓഫീസർ, ആയുർവേദം)-1,55,742 |
| | | ഡോ. ജയനാരായണൻ(മെഡിൽ ഓഫീസർ, പി.എച്ച്.സി)-2,11,290 |
| ആകെ | 10,75,432 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|

| | | |
|---|---|---|
| കുഞ്ഞൻ.പി., ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ജി.യു.പി.എസ്., പുലത്ത് | തെക്കേടത്ത് ഹൗസ്, മൊറയൂർ പി.ഒ., പിൻ-673642 |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നുള്ള ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാത്ത ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.എം.15/5/2000തി.23.10.2010 | 2 | |
| 1997-98 | എൽ.എഫ്.എം.6/1359/2007 തി.23.10.2010 | 33 | |
| 1998-99 | എൽ.എഫ്.എം.15/979/2001 തി.23.10.2010 | 33 | |
| 1999-00 (വരവ്) | എൽ.എഫ്.എം.6/1779/07 തി.23.10.2010 | 8 | |
| 2000-01 (വരവ്) | എൽ.എഫ്.എം.6/1780/2007 തി.23.10.2010 | 9 | |
| 2001-02 (വരവ്) | എൽ.എഫ്.എം.6/1781/2007 തി.23.10.2010 | 11 | |
| 1999-2002 (ചെലവ്) | എൽ.എഫ്.എം.6/51537/07 തി.23.10.2010 | 60 | |

| | | | |
|---|---|---|---|
| | | | |
| 2002-03 | എൽ.എഫ്.എം.6/51782/07 തി.23.10.2010 | 15 | |
| 2003-04 | എൽ.എഫ്.എം.6/1972(2)/07 തി.23.10.2010 | 57 | |
| 2004-05 | എൽ.എഫ്.എം.6/1736/08 തി.23.10.2010 | 16 | |
| 2005-06 | എൽ.എഫ്.എം.6/1737/2008 തി.13.02.2009 | 8 | |
| 2006-07 | എൽ.എഫ്.എം.6/1694/09 തി..12.2009 | 30 | |
| 2007-08 | എൽ.എഫ്.എം.8/1486/11 തി.12.06.2012 | 15 | |
| 2008-09 | എൽ.എഫ്.എം.8/1487/11 തി.21.05.2012 | 17 | |
| 2009-10<br>2010-11 | എൽ.എഫ്.എം.5/793/13 തി.16.05.2013 | 12 | |
| 2011-12,<br>2012-13 | കെ.എസ്.എ./എം.പി.എം5/914/15 തി.13.04.2016 | 28 | |
| 2013-14 &<br>2014-15 | കെ.എസ്.എ./എം.പി.എം5/1579/16 തി:14.01.2016 | 26 | |
| 2015-16 | കെ.എസ്.എ./എം.പി.എം.5/3398/16തി7.2.2017 | 37 | |

ഡെപ്യൂട്ടി ഡയറക്ടർ.

എം.എ.11/17

# <u>5-1</u>

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്. എ.എം പി .എം.5/1953/2017

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി .21-10-2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാംവകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷികധനകാര്യ പത്രിക വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2003 ജൂൺ 12ലെ ജി.ഒ.(പി). 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

# 5-2

# Audit certificate

No. KSA/MPM5/1953/2017

District Office, Malappuram.
Kerala State Audit Department,

Date 21-10-2017

Certified that I have Audited the Annual Financial Statement of Trikkalangode Grama Panchayath in Malappuram District for the year 2016-17 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidelines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Trikkalangode Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

DeputyDirector,

Kerala State Audit Department,
District Office, Malappuram.